**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.963** **30.09.2016 ൽ മറുപടിയ്ക്ക്**

**"ഓണം വിപണി വിലനിലവാരം പിടിച്ചു നിർത്തുന്നതിന് നടപടി"**

| **ചോദ്യം**<br>ശ്രീ. ഇ. കെ. വിജയൻ | | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കഴിഞ്ഞ ഓണം വിപണി വിലനിലവാരം പിടിച്ചുനിർത്തുന്നതിന് കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;<br><br>(ബി) അതിനായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് നൽകുമോ? | (എ) യും<br>(ബി) യും | ഓണക്കാലത്ത് കാർഷികോത്പന്ന ങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണ സമൃദ്ധി പദ്ധതി' പ്രകാരം സെപ്റ്റംബർ മാസത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തു നിന്നുള്ള കർഷകരിൽ നിന്നും പത്തു ശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് 30% സബ്സിഡിയോടെ വിൽപന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപന വിലയും നിശ്ചയിച്ചത്. സംസ്ഥാനത്തെ കർഷകരിൽ നിന്നും 3042 ടണ്ണോളം പച്ചക്കറികൾ സംഭരിച്ചതുൾപ്പെടെ 4800 ടൺ കാർഷികോത്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട് എന്നാണ് പ്രാഥമിക വിലയിരുത്തൽ |

**സെക്ഷൻ ഓഫീസർ**